## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## ഹാജർ: ഡോ.കെ.വാസുകി IAS

വിഷയം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് – ജീവനക്കാര്യം – ഓൺലൈൻ പൊതു സ്ഥലം മാറ്റം 2020 – അപ്പീലുകൾ പരിശോധിച്ച് തീർപ്പാക്കിക്കൊണ്ടും കോടതി ഉത്തരവ് നടപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 27.8.2020–ലെ പൊതുസ്ഥലംമാറ്റ ഉത്തരവ്.
2. 2020–ലെ OA 1320,1321,1323,1327,1337,1345, 1351, 1355, 1356, 1367, 1371, 1381, 1413, 1540 തുടങ്ങിയ കേസുകളിലും ഇതുമായി ബന്ധപ്പെട്ട മറ്റ് കേസുകളിലും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവുകൾ
3. ഈ കാര്യാലയത്തിലെ 29/9/2020–ലെ ഇതേ നമ്പർ ഉത്തരവ്.
4. അപ്പീൽ കമ്മിറ്റിയുടെ തീയതിയിലെ 6/11/2020 യോഗത്തിന്റെ മിനിട്സ്

IT cell
29.12.2020

## ഉത്തരവ് എസ് എ (2) 45900/2019 തീയതി 10/ 11 /2020

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ വിവിധ തസ്തികകളിൽ 2020 വർഷത്തെ ഓൺലൈൻ പൊതു സ്ഥലം മാറ്റം നടപ്പിലാക്കി സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള ഉത്തരവിനുമേലുള്ള അപ്പീലുകൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ agrigeneraltransfer@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 15/10/2020–ന് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് സ്ഥലം മാറ്റ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. ആയതിൽ പ്രകാരം വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും (രണ്ടാം ഗസറ്റഡ് തസ്തികയ്ക്ക് താഴെയുള്ളവ ) ലഭിച്ച അപ്പീലുകൾ സമയബന്ധിതമായി പരിശോധിക്കുന്നതിന് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു അപ്പീൽ കമ്മിറ്റി രൂപീകരിച്ച് കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു . മേൽ അപ്പീൽ കമ്മിറ്റി 6/11/2020–നു യോഗം ചേർന്ന് അപ്പീലുകൾ പരിശോധിച്ച് പരാമർശം (4) പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട് . പ്രസ്തുത യോഗതീരുമാനം അംഗീകരിച്ചുകൊണ്ടും സ്ഥലംമാറ്റ പട്ടിക , ഇലക്ഷൻ കമ്മീഷന്റെ അംഗീകാരത്തിന് വിധേയമായി , പ്രസ്തുത പട്ടിക

അനുബന്ധമായി ചേർക്കും പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ നടപടി കൈക്കൊണ്ട് റിപ്പോർട്ട് ഡയറക്ടർക്ക ലഭ്യമാക്കേണ്ടതാണ്

പരാമർശം (2) പ്രകാരമുള്ള വിധിന്യായവും ഇതുമായി ബന്ധപ്പെട്ട മറ്റു കോടതി വിധികളും ഇതിനാൽ നടപ്പിലാക്കികൊണ്ടും ഉത്തരവാകുന്നു .

ഒപ്പ് /-
**ഡയറക്ടർ**

പകർപ്പ് : ബന്ധപ്പെട്ട ജീവനക്കാർക്ക് ( മേലധികാരി മുഖേന )
അഡ്വക്കേറ്റ് ജനറൽ , കേരള ( ആമുഖ കത്ത് സഹിതം )
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ഐ.ടി സെൽ – വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
കരുതൽ ഫയൽ / അധികം

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33